**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3280**

08.11.2019 – ൽ
മറുപടിയ്ക്ക്

# കാർഷിക മേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ**<br>**,, ഒ. ആർ. കേളു**<br>**,, പി.വി. അൻവർ**<br>**,, കെ.ജെ. മാക്സി** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം എത്രമാത്രം വ്യാപിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) കാർഷിക വിജ്ഞാന വ്യാപനം, കാർഷികോല്പന്നങ്ങളുടെ വിപണനം, കർഷകർക്ക് സബ്സിഡി,പെൻഷൻ എന്നിവയുടെ വിതരണം, കാർഷിക യന്ത്രങ്ങൾ, പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരുടെ സേവനം എന്നിവ ലഭ്യമാക്കൽ, കൃഷിമന്ത്രിയുമായി നേരിട്ട് ആശയ വിനിമയം നടത്തൽ, പരാതി പരിഹരിക്കൽ, സോഷ്യൽ മീഡിയ വഴിയുള്ള വിജ്ഞാന വ്യാപനം, ഔദ്യോഗിക ആവശ്യങ്ങൾക്ക് ജിയോ ടാഗിങ്ങ് ഉൾപ്പെടെ ഉള്ള ഐ.റ്റി. സാങ്കേതിക വിദ്യകളുടെ ഉപയോഗം, മണ്ണുപരിപോഷണ പദ്ധതികൾ എന്നീ മേഖലകളിൽ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നു. |
| ബി) കർഷകർക്ക് ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ച് ആധുനിക കാർഷിക ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ SFAC (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം)യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽ പേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവര സങ്കേതം പദ്ധതി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ, വെബ് പോർട്ടൽ / മൊബൈൽ ആപ്ലിക്കേഷൻ / ഫേസ്ബുക്ക് ഗ്രൂപ്പ് / ഫേസ് ബുക്ക് ലൈവ് / വാട്ട്സ്ആപ്പ് ഗ്രൂപ്പ് / എസ്.എം.എസ്. ഗ്രൂപ്പ് തുടങ്ങിയ മാധ്യമങ്ങൾ വഴി കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചു വരുന്നു.<br>വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് **"കാർഷിക വിവര** |

**സങ്കേതം — ഒരു വിരൽത്തുമ്പിൽ"** എന്ന പോർട്ടൽ. കൃഷി ഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച **'കാർഷിക കേരളം'**, ലോകത്തിലെമ്പാടും നടപ്പിലാക്കി വരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷി മുറകളെക്കുറിച്ചും ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ് (GAP) കർഷകർക്കും പൊതുജനങ്ങൾക്കും വിവരം നൽകുന്ന **'കാർഷിക വിവര സങ്കേതം'** കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന **'ഇ-വിപണി'** എന്നീ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പ് മന്ത്രി കർഷകരുമായി നേരിട്ട് സംവദിക്കുന്ന **'കൃഷി മന്ത്രി വിളിപ്പുറത്ത്"** എന്ന പരിപാടി, **'കാർഷിക വിവര സങ്കേതം'** എന്ന ഫേസ്ബുക്ക് ഗ്രൂപ്പ്, കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി **'ഫേസ്ബുക്ക് ലൈവ്"**, വാട്ട്സ്ആപ്പ് ഗ്രൂപ്പ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് യഥാസമയം ആവശ്യമായ സഹായം എത്തിക്കുന്നതിനും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഈ സാമ്പത്തിക വർഷം തന്നെ ജില്ലാ ബ്ലോക്ക്തല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കും.

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശം കൃഷി ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തിയത് യഥാസമയം ക്രോഡീകരിക്കുന്നതിനും ജില്ലാ സംസ്ഥാനാടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനും കർഷകർക്കുള്ള ധന സഹായം യഥാസമയം കർഷകരുടെ അക്കൗണ്ടിലേക്ക് കൃഷി ഡയറക്ടറ്റിൽ നിന്ന് നേരിട്ട് നൽകുന്നത് സാധ്യമാക്കുന്നതിനുമായി SMART എന്ന സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പിലാക്കി.

കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള **mkisan.gov.in** എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന ജില്ലാ ബ്ലോക്ക്

തലത്തിൽ ഉള്ള കൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷി രീതികളെക്കുറിച്ചും കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ **FEM@Mobile** വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

| | |
|---|---|
| **സി)** കൃഷി സംബന്ധമായ നൂതനാശയങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും കാർഷിക വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | **സി)** ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷൻ ആലപ്പുഴ ജില്ലയിലെ കളർകോട് എന്ന സ്ഥലത്തു ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിൽ നിന്നും ലെറ്റർ ഓഫ് ഇന്റന്റ് (LOI) ലഭിച്ചിട്ടുണ്ട്. സ്പെക്ട്രം ഫീസ് അടച്ചിട്ടുണ്ട്. വയർലെസ്സ് ഓപ്പണിങ്ങ് ലൈസൻസ് (WOL) ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ